## ഏലിയ-സ്ലീവാ-മൂശാക്കാലം ആറാം ഞായർ - 2016 സെപ്തംബർ 25

(മത്താ. 15: 21-28)

**വചനസന്ദേശം: കെ.സി. പുഷ്പറാണി**

കാനാൻകാരിയുടെ അപേക്ഷ ഫലമണിയുന്ന സംഭവം മാതൃകയാക്കി അവിശ്വാസിയുടെ - വിജാതീയന്റെ ആഴമേറിയ വിശ്വാസത്തിലേക്കു വളർച്ചയുടെ മഹനീയ മാതൃകയാണ് ഇന്ന് ഈശോ നമ്മുടെ ചിന്തയിൽ കൊണ്ടുവരുന്നത്. സഭയുടെ അടിസ്ഥാനം ദൈവികപുണ്യമായ വിശ്വാസമാണെന്നു നമ്മെ പഠിപ്പിക്കുകയാണ് ഈ തിരുവചനങ്ങളിലൂടെ. സഹോദരന്റെ മരണത്തിന്റെ വേദനയിൽ യേശുവിനോട് വിലപിക്കുന്ന മർത്തയെ ഈശോ ആശ്വസിപ്പിക്കുന്നത് ഉത്ഥാനത്തിലും നിത്യജീവനിലും നീ വിശ്വസിക്കുന്നുവോ എന്നു ചോദിച്ചുകൊണ്ടാണ്. വിശ്വസിച്ചാൽ മാത്രം മതി അപ്പോൾ നീ ദൈവമഹത്ത്വം ദർശിക്കും (യോഹ. 11:25). അത് ഏറ്റുപറഞ്ഞ മർത്തയും മരണമടഞ്ഞ സഹോദരൻ ലാസറിനെയും ഉയിർപ്പിച്ചു കിട്ടി.

യേശു ജെറീക്കോയിലൂടെ കടന്നുപോകുമ്പോൾ അതു യേശുവാണെന്നു കേട്ട തിമേയൂസിന്റെ പുത്രൻ അന്ധനായ ബർത്തിമേയൂസിന് കാഴ്ച ലഭിക്കുന്നതിനായി ദാവീദിന്റെ പുത്രനായ യേശുവേ എന്നിൽ കനിയേണമേയെന്ന് ഉച്ചത്തിൽ ആവർത്തിച്ചു നിലവിളിച്ച് അപേക്ഷിക്കുന്നു (മർക്കോ 10:46). ആളുകൾ തടസ്സപ്പെടുത്തിയിട്ടുപോലും അവൻ കൂടുതൽ ഉച്ചത്തിൽ അപേക്ഷിച്ചു. യേശു അവനെ വിളിച്ച് അവന്റെ ആഗ്രഹം ചോദിച്ചു. അവൻ വീണ്ടും പറഞ്ഞു, എനിക്കു കാഴ്ച വീണ്ടുകിട്ടണം. ഈശോ പറയുന്നു: “നീ പൊയ്ക്കൊള്ളുക നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.” അവനു കാഴ്ച ലഭിച്ചു. പഴമില്ലാതെ നിന്നിരുന്ന അത്തിമരത്തെ ഈശോ ശപിച്ചതും അത് ഉണങ്ങിപ്പോയതും കണ്ട ശിഷ്യന്മാർ അതെങ്ങനെ സംഭവിച്ചു എന്നു ചോദിച്ചപ്പോൾ യേശു കൊടുത്ത മറുപടി “ദൈവത്തിൽ വിശ്വസിക്കുക. ഹൃദയത്തിൽ ശങ്കയില്ലാതെ താൻ പറയുന്നതു സംഭവിക്കുമെന്നു വിശ്വസിക്കുകയും ചെയ്താൽ അവന് അതു സാധിച്ചുകിട്ടും” (മർക്കോ 11:22). ഇപ്രകാരം യേശു പലവുരു വിശ്വാസം ആഴമുള്ളതാവണം എന്നു പഠിപ്പിക്കുന്നുണ്ട്.

ഇന്നു നാം ശ്രവിച്ച സുവിശേഷവചനങ്ങളിലൂടെ കാനാൻകാരിയുടെ പിശാചുബാധിച്ച മകൾ സൗഖ്യം പ്രാപിക്കുന്ന അത്ഭുതവും വിശ്വാസത്തിന്റെ ശ്രേഷ്ഠതയും നമ്മെ പഠിപ്പിക്കുന്നു. “വിശ്വാസമെന്നതു പ്രത്യാശിക്കുന്നവ ലഭിക്കുമെന്നുള്ള ഉറപ്പും കാണപ്പെടാത്തവ ഉണ്ടെന്ന ബോദ്ധ്യവുമാണ്” (ഹെബ്രാ 11:1). വിശ്വാസം ദൈവികദാനമാണ്; അതു ദൈവത്തിൽ നിന്നും പ്രാർത്ഥനയിലൂടെ കരഗതമാക്കേണ്ടതാണ്. ശിഷ്യന്മാർ പ്രാർത്ഥിക്കുന്നുണ്ട്. “ഞങ്ങളുടെ വിശ്വാസത്തെ വർദ്ധിപ്പിക്കേണമേ”യെന്ന്. വിശ്വാസം പ്രത്യാശയെ ജനിപ്പിക്കുന്നു, പ്രത്യാശ സ്നേഹത്തെ ജനിപ്പിക്കുന്നു. സ്നേഹമാണു സർവോത്കൃഷ്ടം.

യേശു വന്നതു രക്ഷകനായിട്ടാണ്. യഹൂദരുടെ മാത്രമല്ല സകല ജനതയ്ക്കുംവേണ്ടി വിജാതീയരുമായുള്ള സമ്പർക്കം അശുദ്ധിക്കു കാരണമാകുമെന്നു കരുതിയവരായിരുന്നു യഹൂദർ. ആ വിജാതീയരുടെ - അവിശ്വാസികളുടെ ദേശമായ ടയർ, സീദോൻ എന്നീ പ്രദേശങ്ങളിലൂടെയാണു യേശു കടന്നുപോകുന്നത്. ആ പ്രദേശത്തുള്ള കാനാൻവംശജയായ സ്ത്രീയാണു പിശാചുബാധിച്ച തന്റെ മകളെ രക്ഷിക്കണമേയെന്നു നിലവിളിച്ചു യേശുവിന്റെ പക്കൽ വരുന്നതും സൗഖ്യം നേടുന്നതും. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കാം. യേശു അവിശ്വാസികളെ - വിജാതീയരെ തള്ളിക്കളയാതെ അവരുടെ ഇടയിലേക്കു ചെല്ലുന്നു. യൂദാ നേതാക്കളുടെ അവിശ്വാസത്തിനു പകരം കാനാൻകാരി ആഴമേറിയ വിശ്വാസം പ്രകടിപ്പിക്കുകയും അവൾ സൗഖ്യവും രക്ഷയും നേടുന്നു. നമ്മുടെ ജീവിതവ്യാപാരങ്ങളിലും ഇതു മാതൃകയാക്കാം.

ഇതൊക്കെ നമുക്കു തരുന്ന വലിയ സന്ദേശമുണ്ട്. മേൽ വിവരിച്ച വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നമ്മോടൊക്കെ ആളുകൾ പ്രാർത്ഥിക്കണമേയെന്നു പറയാറുണ്ട്. നാമും ആവശ്യങ്ങൾ നേടാൻ പ്രാർത്ഥിക്കുന്നവരുമാണ്. പ്രാർത്ഥനയ്ക്ക് ഉടൻ ഫലം കിട്ടിയില്ലായെങ്കിൽ ദൈവത്തോടു മറുതലിക്കുന്നവരാണ് അധികം പേരും. ദൈവം നിശ്ശബ്ദനാകുമ്പോൾ പ്രാർത്ഥനയുടെ തീവ്രത കൂടും. കാനാൻകാരിയുടെ അപേക്ഷ കേൾക്കാതെ പോകുന്ന യേശു അവൾ കൂടുതൽ തീവ്രതയോടെ അപേക്ഷിക്കുന്നു. അവഗണിച്ചുവെന്നു തോന്നുമ്പോൾ എളിമയോടെ പ്രാർത്ഥിക്കണം - ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേയ്ക്ക് അയയ്ക്കപ്പെട്ടവനാണു താനെന്നു പറഞ്ഞ് അവഗണിച്ചപ്പോൾ അവൾ പ്രണമിച്ചു കർത്താവേ എന്നേ സഹായിക്കണമെന്ന് അപേക്ഷിക്കുന്നു. മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്കു കൊടുക്കുന്നതു ശരിയല്ലായെന്നു പറഞ്ഞപ്പോഴും നായ്ക്കളും യജമാനന്മാരുടെ മേശയിൽ നിന്നും വീഴുന്ന അപ്പക്കഷണങ്ങൾ തിന്നുണ്ടല്ലോ എന്ന് അവൾ സമർത്ഥിച്ചുകൊണ്ട് ആ നായ്ക്കൾക്കുള്ള പരിഗണനയെങ്കിലും തന്നോടു കാണിക്കണമെന്നു താഴ്മയോടെ അപേക്ഷിക്കുകയാണ്. നായ്ക്കളോളം താഴാൻ തയ്യാറായി യേശുവിന്റെ കരുണ യാചിക്കുന്നവൾ നാമും പ്രാർത്ഥിക്കുമ്പോൾ പാപിയാണെന്നും അവകാശമല്ല കരുണ തോന്നണമേയെന്ന യാചനയാണു പുലർത്തേണ്ടത് എന്നും ഇതു ബോദ്ധ്യപ്പെടുത്തുന്നു. അപ്രകാരം നമ്മുടെ പ്രാർത്ഥനകളിൽ എളിമയും തീവ്രതയും ആഴപ്പെട്ട ശരണവും വിശ്വാസവും ഉണ്ടാകണമെന്നു മനസ്സിലാക്കാം. ന്യായാധിപനും വിധവയും എന്ന ഉപമയിൽ (ലൂക്കാ 18:1) ഭഗ്നാശനാകാതെ പ്രാർത്ഥിക്കണം എന്ന യേശു വചനവും ഓർക്കാം.

പ്രാർത്ഥനയ്ക്ക് ഒരു ഫലവും ആദ്യം ലഭിച്ചെന്നു വരുകയില്ല; മാദ്ധ്യസ്ഥ്യം അപേക്ഷിച്ചിട്ടും കിട്ടാതെയും വരാം. കേണപേക്ഷിച്ചു ദൈവമക്കളാണെന്ന ബോധത്തോടെയും വിശ്വാസത്തോടും വിശുദ്ധിയോടും കൂടെ പൈശാചികബന്ധനമായ ഭൗതികതയുടെ പാപജീവിതത്തിൽ നിന്നും മോചിതരായി. ആത്മീയനന്മ ആഗ്രഹിച്ചു പ്രാർത്ഥിച്ചാൽ അതു പൂർണമായും ലഭിക്കും. നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിച്ചതു ലഭിക്കട്ടെയെന്ന വരം - ദൈവമക്കളുടെ അപ്പം ഭക്ഷിക്കുവാനുള്ള വരം നമുക്ക് ഓരോരുത്തർക്കും ലഭിക്കുമാറാകട്ടെ.